**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 747** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എഫ്. രാജ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭവനനിർമാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**(ബി)** പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നിലവിലുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷനിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും നൽകുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. 13,972 ഗുണഭോക്താക്കൾക്ക് കഴിഞ്ഞ അഞ്ച് വർഷം ഭൂമി വാങ്ങുന്നതിനായി 546,40,81,788/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 2442 | 40,22,87,144 |
| 2 | കൊല്ലം | 2296 | 31,36,75,511 |
| 3 | പത്തനംതിട്ട | 1459 | 24,25,29,439 |
| 4 | ആലപ്പുഴ | 1867 | 29,53,75,150 |
| 5 | കോട്ടയം | 1751 | 23,92,37,419 |
| 6 | ഇടുക്കി | 970 | 15,45,06,059 |
| 7 | എറണാകുളം | 1438 | 17,81,49,765 |
| 8 | തൃശൂർ | 3634 | 46,70,28,202 |
| 9 | പാലക്കാട് | 2810 | 56,20,00,000 |
| 10 | മലപ്പുറം | 2029 | 34,72,59,140 |
| 11 | കോഴിക്കോട് | 1690 | 33,80,00,000 |
| 12 | വയനാട് | 591 | 9,50,96,260 |
| 13 | കണ്ണൂർ | 471 | 8,39,49,250 |
| 14 | കാസർഗോഡ് | 1047 | 10,05,10,728 |